പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *43 07.01.2014 ൽ മറുപടിക്ക്

**സബർബൻ റയിൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി:<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്:<br>ശ്രീ. സി. മമ്മൂട്ടി:<br>ശ്രീ. വി.എം. ഉമ്മൻ മാസ്റ്റർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും, റെയിൽവേയും വകുപ്പുമന്ത്രി) | |
| (എ) | സബർബൻ റയിൽ സർവ്വീസ് ആരംഭിക്കുന്നതിന് സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രത്തോളമാണെന്നും പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (എ) | ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ച്, ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തിനും ചെങ്ങന്നൂർ/ ഹരിപ്പാടിനും ഇടയ്ക്ക് ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/ EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായുള്ള പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. പദ്ധതിയുടെ സാദ്ധ്യതാ പഠനം മുംബൈ റയിൽവേ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന കമ്പനിയെ ഏല്പിക്കുകയും അവർ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സബർബൻ ട്രെയിൻ സർവ്വീസിനായുള്ള റോളിംഗ് സ്റ്റോക്ക് (Rolling Stock) ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം (ASS), ടി ലൈനുകളിലെ 25 റയിൽവേ സ്റ്റേഷനുകളുടെ |

| | | | |
|---|---|---|---|
| | | | നവീകരണം എന്നിവ സംസ്ഥാന സർക്കാരാണ് ഏർപ്പെടുത്തേണ്ടത്. |
| (ബി) | പ്രധാന പാതകളുടെ ഇരട്ടിപ്പിക്കൽ നടപടികൾ വേഗത്തിലാക്കാൻ സ്ഥലമെടുത്തു നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | നിലവിൽ എറണാകുളം - കായംകുളം റൂട്ടിൽ, കോട്ടയം വഴിയും, ആലപ്പുഴ വഴിയുമുള്ള പാത ഇരട്ടിപ്പിക്കലിനു വേണ്ടിയുള്ള നടപടികളാണ് നടന്നു കൊണ്ടിരിക്കുന്നത്. ചെങ്ങന്നൂർ - ചിങ്ങവനം പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ നിന്ന് റെയിൽവേയ്ക്ക് ഏറ്റെടുത്ത് നൽകേണ്ട 34.5051 ഹെക്ടറിൽ 13.7335 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ചെങ്ങന്നൂർ - ചിങ്ങവനം പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ നിന്ന് ഏറ്റെടുത്തു നൽകേണ്ട 7.9547 ഹെക്ടറിൽ 6.9305 ഹെക്ടർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. എറണാകുളം - കുറുപ്പന്തറ റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് റെയിൽവേ ആവശ്യപ്പെട്ട മുഴുവൻ ഭൂമിയും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഹരിപ്പാട് - അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലിൽ നിന്ന് ഏറ്റെടുത്ത് നൽകേണ്ട 21.5080 ഹെക്ടറിൽ 21.3572 ഹെക്ടറും റെയിൽവേയ്ക്ക് ഏറ്റെടുത്തു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 0.1508 ഹെക്ടറിലെ സ്ഥലമെടുപ്പ് നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. തുറവൂർ - കുമ്പളം പാത ഇരട്ടിപ്പിക്കുന്നതിനുവേണ്ടി റെയിൽവേ അധികാരികൾ അലൈൻമെന്റ് സ്റ്റോൺ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ആലപ്പുഴ ജില്ലയിൽ സ്ഥലമെടുപ്പ് നടപടികൾ നടന്നിട്ടില്ല. എറണാകുളം ജില്ലയിൽ, എറണാകുളം - കുമ്പളം റെയിൽവേലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് എറണാകുളം, എളംകുളം, മരട്, കുമ്പളം എന്നീ നാല് വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങൾ ഏറ്റെടുക്കുവാനാണ് അർത്ഥനാ-പത്രം ലഭിച്ചിട്ടുള്ളത്. ഇതിൽ മരട്, എളംകുളം എന്നീ വില്ലേജുകളിലെ സർവ്വെ പൂർണ്ണമായും, കുമ്പളം വില്ലേജിലെ സർവ്വേ ഭാഗീകമായും പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ റെയിൽവേ |

| | | | |
|---|---|---|---|
| | | | ഫണ്ട് അനുവദിയ്ക്കാത്തതിനാൽ ടി വില്ലേജു കളുടെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരി ക്കുവാൻ കഴിഞ്ഞിട്ടില്ല. എറണാകുളം - കുമ്പളം പാത ഇരട്ടിപ്പിക്കൽ പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ട ഭൂമി സംസ്ഥാന സർക്കാർ പൂർണ്ണമായും സൗജന്യത്തിൽ ഏറ്റെടുത്തു നൽകണമെന്നും നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നും റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി പരിഗണിച്ച് പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയുകയില്ലായെന്ന് റെയിൽ വേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് കത്ത് നൽകി യിട്ടുണ്ട്. |
| (സി) | വിദൂര ജില്ലയായ കാസർഗോഡിനെ തലസ്ഥാനവുമായി അതിവേഗ റയിൽ സർവ്വീസു മുഖേന ബന്ധിപ്പിക്കു ന്നതിന്കൂടി സബർബൻ റയിൽ സർവ്വീസ് പദ്ധതിയെ പ്രയോജനപ്പെടു ത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്ത് നിന്നും ചെങ്ങന്നൂർ/ ഹരിപ്പാട് വരെയാണ് സബർബൻ സർവ്വീസ് ഉദ്ദേശിക്കുന്നത്. തുടർന്ന് എറണാകുളം വരെ ദീർഘിപ്പിച്ച് രണ്ടര മണിക്കൂർ കൊണ്ട് തിരുവനന്തപുരം- എറണാകുളം റൂട്ടിൽ ട്രെയിൻ സർവ്വീസ് നടത്താണ് ഉദ്ദേശിക്കുന്നത്. കാസർഗോഡ് വരെ ഈ സേവനം ഏർപ്പെടുത്താൻ ഇപ്പോൾ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ